"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി വകയിരുത്തിയിട്ടുള്ള പദ്ധതീതര വിഹിതത്തിൽ (നോൺ പ്ലാൻ) നിന്നും മൂന്നാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.67/2026/SJD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. 19.07.2025-ലെ സ. ഉ. (സാധാ) നമ്പർ. 194/2025/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്
2. 27.12.2025-ലെ സ. ഉ. (സാധാ) നമ്പർ. 323/2025/എസ്.ജെ.ഡി സർക്കാർ ഉത്തരവ്
3. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 12.01.2026-ലെ കെ.എസ്.എച്ച്.പി.ഡബ്ല്യൂ.സി/505/2024-എ. 5. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തിന്റെ 2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി 2235-02-190-98-നോൺ പ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി 30,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്ന് പരാമർശം 1-പ്രകാരം 12,00,000/- രൂപയും, പരാമർശം 2-പ്രകാരം 10,00,000/- രൂപയും അനുവദിച്ചിരുന്നു. തുടർന്ന് ടീ ശീർഷകത്തിൽ നീക്കിയിരുപ്പുള്ള തുകയായ 8,00,000/- രൂപ പ്രസ്തുത കോർപ്പറേഷന്റെ ചെലവുകൾക്കും ജീവനക്കാരുടെ സാലറി നൽകുന്നതിനുമായി കോർപ്പറേഷന്റെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ. 701011400000173) നിക്ഷേപിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം 3-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി 2235-02-190-98-നോൺ പ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി വകയിരുത്തിയിട്ടുള്ള 30,00,000/- രൂപയിൽ അവശേഷിക്കുന്ന 8,00,000/- രൂപ (എട്ട് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡു ധനസഹായമായി ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) 16/04/2018-ലെ സ. ഉ. (പി) നമ്പർ. 62/18/ധന-യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ (non interest bearing) മാത്രമേ നിക്ഷേപിക്കാൻപാടുള്ളൂ.

2) 09/12/2008-ലെ സർക്കുലർ നമ്പർ. 84/8/ധന-യിലെയും 30.01.2018-ലെ സർക്കുലർ നമ്പർ. 08/18/ധന-യിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ. ഉ. (കൈ) നമ്പർ.04/2020/ധന പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ.(കൈ) നമ്പർ.93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ
കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം
ധനകാര്യ (പി.യു-സി) വകുപ്പ് (24.02.2026-ലെ 3184972/പി.യു-സി.4/ 107/2025-ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, വര പൊതുജന സമ്പർക്ക വകുപ്പ്,
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Vipin S D**
**Date: 28-02-2026 17:45:58**
സെക്ഷൻ ഓഫീസർ